(ബി) മെഡിക്കൽ കൗൺസിൽ 2014 മേയ് മാസത്തിൽ കോളേജ് സന്ദർശിച്ചെങ്കിലും മതിയായ അധ്യാപകരുടെയും ലബോറട്ടറി ഉപകരണങ്ങളുടെയും അഭാവംമൂലം അംഗീകാരം ലഭിച്ചിട്ടില്ല.

(സി) (എ) പിരിവിന്റെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

പോലീസ് മർദ്ദനത്തെത്തുടർന്ന് പട്ടികജാതി യുവാവ് ആത്മഹത്യ ചെയ്ത സംഭവം

279 (944) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് രാജാജി നഗറിൽ പോലീസ് മർദ്ദനത്തെത്തുടർന്ന് യുവാവ് ആത്മഹത്യ ചെയ്യുവാൻ ഇടയാക്കിയ സംഭവത്തെക്കുറിച്ച് എന്തെങ്കിലും അന്വേഷണം പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷൻ നടത്തുന്നുണ്ടോ ;

(ബി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പോലീസ് പീഡനംമൂലം തങ്ങളുടെ മകൻ ആത്മഹത്യ ചെയ്തതായി ആരോപിച്ച് പരേതന്റെ മാതാപിതാക്കളായ രാജാജി നഗർ ഷെഡ്ഡ് നമ്പർ 35-ൽ താമസിക്കുന്ന ശ്രീ. സുനിൽകുമാർ. എസ്., ശ്രീമതി ബിന്നു എന്നിവർ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ പരാതിക്കാരെയും പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ (സ്പെഷ്യൽ സെൽ)-നെയും 30-6-2015-ന് നേരിൽ കേൾക്കുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്.

തരൂർ മണ്ഡലത്തിലെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

280 (945) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ തരൂർ മണ്ഡലത്തിൽ ഉൾപ്പെടുത്തിയ കോളനികളുടെ വികസന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിന് ആവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ വിശദമാക്കുമോ ;

(സി) ഓരോ കോളനിയിലും നടപ്പാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തിയാകുമെന്ന വിശദാംശങ്ങളും നൽകുമോ ;

(ഡി) കാവശ്ശേരി പഞ്ചായത്തിലെ ഇടത്തിൽ കോളനി വികസനത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. വടക്കഞ്ചേരി കിഴക്കേത്തറ കോളനിയിൽ പദ്ധതിയുടെ പുരോഗതി ഇപ്രകാരമാണ്.

- സൈഡ് പ്രൊട്ടക്ഷൻ വർക്ക് പൂർത്തീകരിച്ചു.
- 600 മീറ്റർ കോൺക്രീറ്റ് റോഡ് പൂർത്തീകരിച്ചു. ബാക്കിയുള്ള 200 മീറ്റർ റോഡ് പ്രവൃത്തികൾ നടന്നുവരുന്നു.
- വീടുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി.
- പൈപ്പ് ലൈൻ വർക്കുകൾ പൂർത്തിയാക്കി.
- ബയോഗ്യാസ് പ്ലാന്റുകൾ IRTC മുഖാന്തിരം ഉടൻ നടപ്പിലാക്കുമെന്ന് ഏജൻസി അറിയിച്ചിട്ടുണ്ട്.
- തരൂർ മണ്ഡലത്തിലെ എടത്തിൽ കോളനിയിൽ പദ്ധതി പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി)

1. വടക്കഞ്ചേരി കിഴക്കേത്തറ കോളനി - പദ്ധതിക്ക് ജില്ലാ നിർമ്മിതി കേന്ദ്രത്തിന് 65 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ 56 ലക്ഷം രൂപ ചെലവാക്കിയതായി ഏജൻസി അറിയിച്ചിട്ടുണ്ട്.

2. എടത്തിൽ കോളനി - സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(സി) വടക്കഞ്ചേരി കിഴക്കേത്തറ കോളനി

- സൈഡ് പ്രൊട്ടക്ഷൻ വർക്ക് പൂർത്തീകരിച്ചു
- 600 മീറ്റർ കോൺക്രീറ്റ് റോഡ് പൂർത്തീകരിച്ചു
- വീടുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി.
- പൈപ്പ് ലൈൻ വർക്ക് പൂർത്തിയായി.

പദ്ധതി ജൂൺ മാസം അവസാനം പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

എടത്തിൽ കോളനി - പദ്ധതി പ്രവർത്തനങ്ങൾ 20-6-2015-ന് ആരംഭിക്കുവാനായി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(ഡി) ഉണ്ട്. ഒന്നാം ഗഡു ഇനത്തിൽ 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

മാവേലിക്കര മണ്ഡലത്തിൽ പട്ടികജാതി ക്ഷേമവകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

281 (946) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി ക്ഷേമവകുപ്പ് മുഖാന്തിരം മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെയും വിതരണം ചെയ്ത വിവിധ സഹായങ്ങളുടെയും വിശദാംശങ്ങൾ (ഗുണഭോക്താക്കളുടെ പേരും മേൽവിലാസവും അടക്കം) ലഭ്യമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി ക്ഷേമവകുപ്പ് മുഖാന്തിരം മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെയും വിതരണം ചെയ്ത വിവിധ സഹായങ്ങളുടേയും വിശദാംശങ്ങൾ ഗുണഭോക്താക്കളുടെ പേരും മേൽവിലാസവും അടക്കം അനുബന്ധമായി ചേർക്കുന്നു.*

പട്ടികജാതി പിന്നോക്ക സമുദായങ്ങളുടെ ഉന്നമനം

282 (947) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി പിന്നോക്ക സമുദായങ്ങളുടെ ഉന്നമനത്തിനായി എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly